# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001.
Tel: 0471 2335199, Fax: 0471 2330920 Email: sic@kerala.nic.in

**ഹർജി നമ്പർ എ.പി. 14 & 1718(3)/2019/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

**(ഫയൽ നമ്പർ 498 & 9913/എസ്.ഐ.സി.ജി1/2019)**

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീ. അനിൽ കുമാർ ബി.,
അറപ്പുരയ്ക്കൽ വീട്,
കോട്ടയ്ക്കകം,
പെരിനാട് പി. ഒ.,
കൊല്ലം – 691 601.
} അപ്പീൽ ഹർജിക്കാരൻ

Vs

1) സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട്,
എൻ. സി. സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്,
തേവള്ളി പാലസ്, കൊല്ലം – 691 009.

2) സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട്,
എൻ. സി. സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്,
ബിൽഡിംഗ് നമ്പർ XL-11/1981, ഓങ്കോൾ ഹൗസ്,
ചിറ്റൂർ റോഡ്, കച്ചേരിപ്പടി, കൊച്ചി – 18.

3) അപ്പീൽ അധികാരി,
എൻ. സി. സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്,
തേവള്ളി പാലസ്, കൊല്ലം – 691 009.

4) അപ്പീൽ അധികാരി,
എൻ. സി. സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്,
എറണാകുളം, കൊച്ചി – 18.

} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 03.10.2018, 16.02.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 05.11.2018, 22.03.2019 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 12.11.2018, 02.04.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | --, 25.05.2019 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 04.01.2019, 04.06.2019 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 11.01.2019, 10.06.2019 |



Scanned by CamScanner

NCC GROUP HQ ERNAKULAM
Gp. Cdr :
Adm. O
Trg. O
Men
JS I
II
Sec
Ir No. ൦൦8
Date 25 JAN 2020

| | |
|---|---|
| ഹിയറിംഗ് തീയതി | 16.10.2019 |
| ഹിയറിംഗ് സ്ഥലം | കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം |
| ഹാജർ | 1. ശ്രീ. അനിൽ കുമാർ ബി. അപ്പീൽ ഹർജിക്കാരൻ<br>2. ശ്രീ. അജി സി. എസ്.പി.ഐ.ഒ. & ജൂനിയർ സൂപ്രണ്ട് |

ഈ രണ്ട് അപ്പീൽ ഹർജികളിലേയും ഹർജിക്കാരൻ ഒരേ വ്യക്തി തന്നെയായതിനാലും ഹർജിക്ക് ആധാരമായ വിഷയങ്ങൾ സമാനമായതിനാലും ഈ രണ്ട് അപ്പീൽ ഹർജികളും ഒന്നിച്ച് പരിഗണിച്ചു തീർപ്പാക്കുന്നു.

2) അപ്പീൽ ഹർജിക്കാരനായ ശ്രീ. ബി. അനിൽ കുമാർ എൻ.സി.സി.യുടെ വിവിധ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ് ഓഫീസുകളിൽ സമാനരൂപത്തിലുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് പതിവായി വിവരാവകാശ അപേക്ഷകൾ സമർപ്പിക്കുകയും തുടർന്ന് കമ്മീഷനെ അപ്പീൽ ഹർജിയുമായി സമീപിക്കുന്ന ആളാണ്. ടിയാന്റെ സമാന രൂപത്തിലുള്ള അനേകം അപ്പീൽ ഹർജികൾ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ പരിഗണനയ്ക്കു വരികയും തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്. അവയിലൊന്നിലും പ്രത്യേകിച്ചു പൊതു താൽപ്പര്യങ്ങളുള്ളതായി രേഖപ്പെടുത്തിയതായി കാണുന്നില്ല. അതു പോലെ തന്നെ ഈ രണ്ട് അപ്പീൽ ഹർജികളിലും അത്തരം ഒരു പൊതു താൽപ്പര്യവും സൂചിപ്പിച്ചിട്ടില്ല. ഹർജിക്കാരൻ തന്നെ സ്വയം വിശേഷിപ്പിച്ചിരിക്കുന്നത് ആർ.ടി.ഐ. ആക്ടിവിസ്റ്റ് എന്നാണ്. അത്തരം ഒരു സ്ഥാന പേര് ആർക്കും വിവരാവകാശ നിയമമോ രാജ്യത്തു നിലനിൽക്കുന്ന വേറെ ഏതെങ്കിലും നിയമമോ സർക്കാരോ കൽപ്പിച്ചു നൽകിയതായി അറിവുള്ളതല്ല. സ്വയം ഓരോ സ്ഥാനപ്പേര് ഏറ്റെടുത്ത് വിവരങ്ങൾ ആരായണമെങ്കിൽ അത്തരം വിവരങ്ങൾ ആവശ്യപ്പെടുന്നതിന് ഒരു പൊതു താൽപ്പര്യമുണ്ടാകണം. ഇതുവരെയും ഈ കമ്മീഷനിൽ സമർപ്പിച്ച ടിയാന്റെ ഹർജികളിൽ കൂടി എൻ.സി.സി.യുമായി ബന്ധപ്പെട്ട് എന്തെങ്കിലും പൊതു താൽപ്പര്യം സംരക്ഷിച്ചതായി എവിടെയും അറിയുവാൻ കഴിഞ്ഞിട്ടില്ല. ആർ.ടി.ഐ. ആക്ടിവിസ്റ്റ് എന്ന് അവകാശപ്പെടുന്ന വ്യക്തി ടിയാന്റെ എന്തെങ്കിലും സ്വന്തമായ നിയമപരമായ ആവശ്യത്തിനാണ് ഇത്തരം വിവരങ്ങൾ ആവശ്യപ്പെടുന്നത് എന്നു കരുതുവാനും നിർവ്വാഹമില്ല. അങ്ങനെയാണെങ്കിൽ വിവരാവകാശ അപേക്ഷയിൽ ആർ.ടി.ഐ. ആക്ടിവിസ്റ്റ് എന്നൊരു വിശേഷണം കൊടു



RIGHT TO INFORMAT
Scanned by CamScanner

ക്കേണ്ട ആവശ്യമില്ല. അപേക്ഷകനോ നാട്ടുകാർക്കോ പ്രയോജനമില്ലാത്ത വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഒരു പൊതു അധികാര സ്ഥാപനത്തിന്റെയും തുടർന്ന് ഈ കമ്മീഷന്റെയും വിലപ്പെട്ട സമയം അപഹരിക്കുവാനായി വിവരാവകാശ നിയമത്തെ ദുരു പയോഗം ചെയ്യുന്ന പ്രവണത നിരുത്സാഹപ്പെടുത്തുന്നതിനു വേണ്ടി ഈ രണ്ട് അപ്പീൽ ഹർജികളും അനന്തര നടപടികളിലേക്ക് കടക്കാതെ തള്ളിക്കളഞ്ഞു കൊണ്ട് ഒന്നിച്ച് ഇന്നേ ദിവസം, 2019 ഡിസംബർ മാസം 20 – ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

srv